പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **5098**

23.03.2018-ലെ മറുപടി

## കോവളം നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വിൻസെന്റ് | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കോവളം നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ ഏതെല്ലാം; എതെങ്കിലും കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഇല്ലാതായിട്ടുണ്ടോ; | (എ) കോവളം നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു<br>നിലവിലുള്ള പദ്ധതികൾ<br>1 . കുമളി- RWSS<br>2 . പൂവ്വാർ -കരിച്ചൽ - RWSS<br>3 .അതിയന്നൂർ - RWSS<br>4 . ഉച്ചക്കട- RWSS<br>5 പയറ്റുവിള - RWSS<br>6 ആട്ടറമൂല - RWSS<br>7 . കോട്ടുകാൽ- RWSS<br>8 . പുളിങ്കുടി - RWSS<br>9 ചൊവ്വര- RWSS<br>10 വെങ്ങാനൂർ- RWSS<br>11 . ചാവടി - RWSS<br>12 . അടിമലത്തുറ- RWSS<br>13 വിഴിഞ്ഞം - WSS<br>14 . ബാലരാമപുരം, ആറാലുംമൂട് - RWSS<br>15 TWSS -നേമം ഏര്യാ<br>നടപ്പിലാക്കി വരുന്ന കുടിവെള്ള പദ്ധതികൾ<br>1 . കല്ലിയൂർ, വെങ്ങാനൂർ, വിഴിഞ്ഞം പഞ്ചായത്തുകൾക്കും കോവളം ടൂറിസ്റ്റ് ഏരിയക്കും വേണ്ടിയുള്ള സമഗ്ര ശുദ്ധ ജല വിതരണ പദ്ധതി.<br>2 . കാഞ്ഞിരംകുളം, കരിങ്കുളം, തിരുപുറം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധ ജല വിതരണ പദ്ധതി.<br>3 പള്ളിച്ചൽ, വിളവൂർക്കൽ, ബാലരാമപുരം പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര ശുദ്ധ ജല വിതരണ പദ്ധതി.<br>4 അടിമലത്തുറ- , കൊച്ചുതുറ , തീരദേശ ജല വിതരണ പദ്ധതി.<br>5 . അതിയന്നൂർ, കോട്ടുകാൽ |

പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധ ജല വിതരണ പദ്ധതി.

6 . വെങ്ങാനൂർ പഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധ ജല വിതരണ ശൃംഖല സ്ഥാപിക്കൽ.

കോവളം നിയോജക മണ്ഡലത്തിൽ കല്ലിയൂർ പഞ്ചായത്ത്, വെങ്ങാനൂർ പഞ്ചായത്ത്, വിഴിഞ്ഞം കോർപ്പറേഷൻ പ്രദേശം, കോവളം ടൂറിസ്റ്റ് പ്രദേശം എന്നിവയ്ക്കായി വെള്ളായണി കായൽ സ്രോതസ്സായി 21.9 ദശലക്ഷം ലിറ്റർ ശേഷിയുള്ള സമഗ്ര ശുദ്ധ ജല വിതരണ പദ്ധതി കമ്മീഷൻ ചെയ്തിട്ടുണ്ട്. ഈ പ്രദേശത്ത് നിലവിലുള്ള കുടിവെള്ള പദ്ധതികളൊന്നും തന്നെ നിർത്തലാക്കിയിട്ടില്ല. എന്നാൽ RWSS ഉച്ചക്കട വഴി വിതരണം ചെയ്യുന്ന ജലം RWSS മംഗലത്ത്കോണത്തിന്റെ പ്രയോജനം ലഭിച്ചുകൊണ്ടിരുന്ന പ്രദേശങ്ങൾക്കും കൂടി ഉപയോഗപ്പെടുത്താൻ സാധിക്കുന്നത് കൊണ്ട് പ്രസ്തുത മംഗലത്തുകോണം സ്കീം ഇപ്പോൾ പ്രവർത്തന രഹിതമാണ്

(ബി) പമ്പ് കേടായതു കാരണം എത്ര കുടിവെള്ള പദ്ധതികളുടെ പമ്പിംഗ് നിറുത്തി വച്ചിട്ടുണ്ട്; കേടായ പമ്പുകൾ റിപ്പയറിംഗിനായി ഇനിയും ഇളക്കി മാറ്റാനുണ്ടോ;

(ബി) പമ്പ് കേടായതു കാരണം കുടിവെള്ള പദ്ധതികളുടെ പമ്പിംഗ് നിറുത്തി വച്ചിട്ടില്ല, കേടായ പമ്പുകൾ റിപ്പയറിംഗിനായി ഇനിയും ഇളക്കി മാറ്റാനില്ല.

(സി) പമ്പുകൾ റിപ്പയർ ചെയ്ത വകയിൽ ഇനിയും പണം നൽകുവാനുണ്ട് എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കുടിശ്ശികയുടെ കാരണത്താൽ പമ്പ് റിപ്പയർ ചെയ്യുവാൻ കാലതാമസം അനുഭവപ്പെടുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്,
കുടിശ്ശിക നൽകാത്തതിനാൽ അടിയന്തിരമായി റിപ്പയർ ചെയ്യുവാൻ കോൺട്രാക്ടർമാർ വിമുഖത കാണിക്കുന്നുണ്ട്. 31.12.2016 വരെയുള്ള കുടിശ്ശിക കൊടുത്തിട്ടുണ്ട് അവശേഷിക്കുന്ന തുക ഫണ്ടിന്റെ ലഭ്യത കണക്കിലെടുത്ത് നൽകുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ